**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ-695035
ഫോൺ:04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ:**dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

## നോട്ടീസ്

നം. ഇ എസ്-5/16202/2025/ആ.വ.ഡ(2)

തീയതി: 17-04-2026

വിഷയം: ആരോഗ്യവകുപ്പിൽ സ്പെഷ്യലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർമാരുടെ 2018-ലെ അന്തിമ ഓപ്റ്റഡ് സീനിയോരിറ്റി ലിസ്റ്റിൽ പീഡിയാട്രിക്സ് വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ (ലിസ്റ്റ്-II) ഉൾപ്പെട്ട Dr.Harigovind.C.T-യെ ടി സീനിയോരിറ്റി പട്ടികയിൽ നിന്നും തല്ക്കാലികമായി നീക്കം ചെയ്തുകൊണ്ട് നോട്ടീസ് പ്രസിദ്ധീകരിക്കുന്നു.

സൂചന :

1. G.O (P) No.69/2010/H&FWD Dated.17.02.2010.
2. Order No.ES7/431/2018/DHS Dated.01.05.2018, 30.05.2018 & 17.07.2018.
3. No.A1/1090/2026/DMO Malappuram Dated. 09.02.2026.

ആരോഗ്യവകുപ്പിൽ സ്പെഷ്യലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർമാരുടെ 2018-ലെ അന്തിമ ഓപ്റ്റഡ് സീനിയോരിറ്റി ലിസ്റ്റിൽ (31.12.2017വരെ സർവീസിൽ പ്രവേശിച്ചവരുടെയും 31.12.2017 വരെ പി ജി ഡിഗ്രി / ഡിപ്ലോമ യോഗ്യത നേടിയവരുടെ ലിസ്റ്റ്) പീഡിയാട്രിക്സ് വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ (ലിസ്റ്റ്-II) സീനിയോരിറ്റി നമ്പർ-24 ആയി ഉൾപ്പെട്ട Dr.Harigovind.C.T- 03.07.2017-ൽ സർവീസിൽ പ്രവേശിച്ചതായും 30.06.2017-ൽ DCH യോഗ്യത നേടിയതായും സീനിയോരിറ്റി ലിസ്റ്റിൽ രേഖപ്പെടുത്തിട്ടുണ്ട്.എന്നാൽ സൂചന 3 പ്രകാരം ലഭ്യമാക്കിയ അസിസ്റ്റൻറ് സർജൻ കേഡറിലെ പ്രൊബേഷൻ ഉത്തരവിൽ

ടിയാൻ 15.10.2020-ൽ സർവീസിൽ പ്രവേശിച്ചതായാണ് രേഖപ്പെടുത്തിട്ടുള്ളത്. 15.10.2020-ലാണ് ടിയാൻ സർവീസിൽ പ്രവേശിച്ചത് എന്നതിനാൽ 2018-ലെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടാൻ ടിയാന് അർഹതയില്ല. അതിനാൽ Dr.Harigovind.C.T-യെ 2018-ലെ അന്തിമ ഓപ്റ്റഡ് സീനിയോരിറ്റി ലിസ്റ്റിൽ നിന്നും നീക്കം ചെയ്യാൻ താല്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു .

ടി താല്ക്കാലിക തീരുമാനത്തിനെതിരെ താങ്കൾക്ക് ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ഈ നോട്ടീസ് തീയതി മുതൽ 7 ദിവസത്തിനുള്ളിൽ രേഖാമൂലം ഉചിതമാർഗേനയോ, ഇ-മെയിൽ (essectiondhs@gmail.com) മുഖാന്തിരമോ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നോട്ടീസിനെതിരെ ആക്ഷേപമില്ലെന്ന നിഗമനത്തിൽ താല്ക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

Digitally signed by
Reena K J
Date: 17-04-2026
12:15:22

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

പകർപ്പ്

1.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

2.ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

4.സീനിയർ സൂപ്രണ്ട് ഇ എ സെക്ഷൻ

5. ഫയൽ കരുതൽ ഫയൽ